**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ :1371**      **02.03.2017** ൽ മറുപടിയ്ക്ക്

## വഴിയില്ലാത്ത പതിച്ച് കിട്ടിയ ഭൂമി

**ചോദ്യം** — **ശ്രീ.പി.ടി.എ. റഹീം**

**മറുപടി** — **ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോഴിക്കോട് താലൂക്ക് മാവൂർ അംശം ദേശത്ത് റീ സർവ്വേ നമ്പർ 105/1 ൽ പ്പെട്ട മിച്ചഭൂമി പതിച്ച് കിട്ടിയ 20 പേർക്ക് പ്രസ്തുത സ്ഥലത്തേക്ക് വഴിയില്ലാത്തതു കാരണം വീട് നിർമ്മിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 20 കുടുംബങ്ങൾക്ക് നൽകിയ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ റീസർവ്വെ 105/1-ൽ പ്പെട്ട ഭൂമിയിലേയ്ക്ക് വഴിയില്ലാത്തതു കാരണം വീട് നിർമ്മിക്കാൻ സാധിക്കുന്നില്ലായെന്ന ആക്ഷേപം ഉണ്ടായിരുന്നു. അന്വേഷണത്തിൽ സമീപത്തുള്ള പട്ടാഭൂമിയിൽ കൂടി മാത്രമേ ടി പ്ലോട്ടുകളിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂവെന്ന് ബോധ്യപ്പെട്ടു. വഴിക്കു വേണ്ടി പാട്ട ഭൂമി ഏറ്റെടുക്കുകയും പകരം തുല്യ വിസ്തീർണ്ണം സർക്കാർ ഭൂമി വിട്ടു കൊടുക്കുന്നതുമാണ്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ